12337
22/11/14

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – പട്ടിക ജാതി വികസന വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിലെ വണ്ടിപെരിയാറിൽ പ്രീ മെട്രിക് ഹോസ്റ്റൽ ( പെൺ) നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ. (സാധാ) നം.1928/2014/പജപവവിവ. തിരുവനന്തപുരം, തീയതി 20/11/2014.

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 31.03.2014 ലെ സി3-9961/08 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിലെ വണ്ടിപെരിയാറിൽ പെൺകുട്ടികൾക്കായി പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി PWD തയ്യാറാക്കിയ 2013 DSR പ്രകാരമുള്ള 2,12,00,000/- രൂപയുടെ പ്രൊപ്പോസൽ പരാമർശ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഭരണാനുമതിക്കായി സമർപ്പിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വണ്ടിപെരിയാറിൽ പെൺകുട്ടികൾക്കായി പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി 2,12,00,000/- ( രണ്ട് കോടി പന്ത്രണ്ട് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ ഇനത്തിലുള്ള ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 4225-01-277-91(P) – 100% CSS എന്ന ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**കെ.പി.രമാദേവി,**

**അഡീഷണൽ സെക്രട്ടറി.**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ), (ഇ&ആർ സെക്ടർ) കേരള, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ( ബിൽഡിംഗ്സ്),തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

Sali K.J

**സെക്ഷൻ ഓഫീസർ**